നം. എൻ2/46388/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 26/10/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സ്വകാര്യ സ്ഥാപനങ്ങളും/സംഘടനകളും/ഏജൻസികളും നടത്തുന്ന മത്സര പരീക്ഷകൾ - അനധികൃത പണപ്പിരിവ് - സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പല സ്വകാര്യസ്ഥാപനങ്ങളും/ഏജൻസികളും/ സംഘടനകളും, എൽ.കെ.ജി മുതൽക്കുള്ള സ്കൂൾകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പലതരത്തിലുള്ള മത്സരങ്ങൾ/മത്സരപരീക്ഷകൾ സംഘടിപ്പിക്കുന്നതായും, ഇത്തരം മത്സരപരീക്ഷകൾക്കുവേണ്ടി (ക്വിസ് മത്സരങ്ങൾ, പെയിന്റിംഗ്, രചനാമത്സരങ്ങൾ, സ്വകാര്യ സ്കോളർഷിപ്പു പരീക്ഷകൾ തുടങ്ങിയവ) പ്രവേശന ഫീസ്, പരീക്ഷാ ഫീസ് തുടങ്ങിയ ഇനങ്ങളിൽ അനധികൃതപണപ്പിരിവ് നടത്തുന്നതായും പൊതുജനങ്ങളിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും ഫോൺ മുഖേനയും മറ്റും പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

**"വിദ്യാഭ്യാസ അവകാശ നിയമം - 2009"** അനുസരിച്ച് 8-ാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ നിന്നും യാതൊരുവിധ പണപ്പിരിവുകളും നടത്താൻ പാടില്ലാത്തതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി കൂടാതെ 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ നിന്നും പണപ്പിരിവ് നടത്തുവാനും പാടില്ല. ഇത്തരം മത്സരപരീക്ഷകൾ/സ്കോളർഷിപ്പ് പരീക്ഷകൾക്ക് വേണ്ടി നടത്തുന്ന പണപ്പിരിവ് അനധികൃതവും, നിയമവിരുദ്ധവുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയില്ലാതെ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള മത്സരങ്ങൾ/മത്സരപരീക്ഷകൾ നടത്തുവാൻ പാടുള്ളതല്ല എന്നും, യാതൊരുവിധ അനധികൃത പണപ്പിരിവുകളും പാടില്ലായെന്നും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ വിവിധ പേരുകളിൽ ചിലസ്ഥാപനങ്ങളും/സംഘടനകളും പല ജില്ലകളിലും അനധികൃത പണപ്പിരിവു നടത്തുകയും, തുച്ഛമായ സമ്മാനത്തുക മാത്രം കുട്ടികൾക്ക് നൽകിയ ശേഷം കുട്ടികളിൽ നിന്നും ലഭിക്കുന്ന ഭീമമായ തുക സ്വകാര്യ സ്ഥാപനങ്ങൾ/സംഘടനകൾ അപഹരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെയോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ രേഖാമൂലമുള്ള അനുമതിയില്ലാതെ സ്വകാര്യ സ്ഥാപനങ്ങൾ/ഏജൻസികൾ/സംഘടനകൾ/വ്യക്തികൾ എന്നിവർ നടത്തുന്ന അനധികൃത മത്സരങ്ങൾ/മത്സരപരീക്ഷകൾ കുട്ടികളുടെ അവകാശത്തിൻമേലുള്ള കടന്നുകയറ്റമായി മാത്രമേ കാണാനാവുകയുള്ളൂ. ഇത്തരം പ്രവണതകൾ തുടർന്നും ഉണ്ടായാൽ അത്തരം ഏജൻസികൾക്കെതിരെയും അതിന് അനുമതി നൽകുന്ന ബന്ധപ്പെട്ട അധികൃതർക്കെതിരെയും ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്

സ്കൂൾ അധികൃതരുടെ ഭാഗത്തു നിന്നും സ്വകാര്യ സ്ഥാപനങ്ങളെ/ഏജൻസികളെ സഹായിക്കുന്നതരത്തിലുള്ള നടപടികൾ തുടർന്നും ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പുതലത്തിൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ആയതിനാൽ, സംസ്ഥാന സർക്കാരിന്റെയോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ അനുമതി ഇല്ലാതെ മേൽപറഞ്ഞ തരത്തിലുള്ള മത്സരങ്ങൾ/മത്സരപരീക്ഷകൾ നടത്തുവാൻ പാടില്ലാത്തതും, ഈ ആവശ്യങ്ങൾക്ക് വേണ്ടി സ്കൂളുകൾ കേന്ദ്രീകരിച്ച് പണപ്പിരിവ് നടത്തുവാൻ പാടില്ലാത്തതുമാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ
2. അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ജനറൽ) } സി.എ മുഖാന്തിരം
3. അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്)
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
5. റീജിയണൽ ഡയറക്ടർ, CBSE, തിരുവനന്തപുരം - 4 - (ആമുഖ കത്ത് സഹിതം)
6. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, SSA, തിരുവനന്തപുരം
7. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, RMSA, തിരുവനന്തപുരം
8. ഡയറക്ടർ, SCERT, തിരുവനന്തപുരം
9. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
10. എല്ലാ DIET പ്രിൻസിപ്പാൾമാർക്കും
11. എല്ലാ ജില്ല/ഉപജില്ല വിദ്യാഭ്യാസ അഫീസർമാർക്കും
12. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (DDE/DEO മുഖാന്തിരം)